**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 87** **10-06-2024 - ൽ മറുപടിയ്ക്ക്**

**കാസർകോട് വിദ്യാനഗർ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. എ. നെല്ലിക്കുന്ന്** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | കാസർകോട് വിദ്യാനഗർ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത 153/2024, 155/2024 എന്നീ ക്രൈം കേസുകളിൽ ആരൊക്കെയാണ് പ്രതികളെന്നും കേസിനാസ്പദമായ സംഭവങ്ങളെന്താണെന്നും വ്യക്തമാക്കാമോ; | (എ) | കാസർകോട് വിദ്യാനഗർ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 153/24, 155/24 എന്നീ കേസുകളുടെ വിശദാംശങ്ങൾ അടങ്ങിയ FIR പകർപ്പുകൾ അനുബന്ധം 1, അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.<br>കുറ്റകൃത്യത്തിൽ ഉൾപ്പെട്ടിട്ടില്ലെന്ന് അന്വേഷണത്തിൽ വെളിവായതിനാൽ 153/24 നമ്പർ കേസിന്റെ FIR ൽ പ്രതികളായി ചേർത്തിരുന്ന നൗഫൽ മല്ലം, ഹാഷിം ബംബ്രാണി, ഖാദർ ബദരിയ എന്നിവരെയും ക്രൈം നമ്പർ 155/24 കേസിൽ FIR ൽ പ്രതിയായി ഉൾപ്പെട്ടിരുന്ന സാലിയെയും പ്രതിപട്ടികയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഈ കേസിൽ ഉൾപ്പെട്ടതായി കണ്ടെത്തിയ അബ്ദുൾ റഹ്മാൻ തൻസീർ എന്നയാളെ പ്രതിയായി ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. മുഴുവൻ പ്രതികളെയും അറസ്റ്റ് ചെയ്തിട്ടുണ്ട്.<br><br>സംഭവസമയം സംബന്ധിച്ച് തുടർന്ന് ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ, സമയത്തിൽ ഭേദഗതി വരുത്തുന്നതിനായി ബഹു.കോടതി മുമ്പാകെ പോലീസ് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | ക്രൈം നമ്പർ 153/2024 കേസിനാസ്പദമായ സംഭവം നടന്ന തീയതിയും സമയവും വ്യക്തമാക്കാമോ; | (ബി) | ഉത്തരം (A) യിൽ ചേർത്തിരിക്കുന്നു. |
| (സി) | ഈ കേസ്സിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത സമയം അറിയിക്കാമോ; പ്രതികളെ മുഴുവൻ അറസ്റ്റ് ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (സി) | ഉത്തരം (A) യിൽ ചേർത്തിരിക്കുന്നു. |
| (ഡി) | ക്രൈം നമ്പർ 153/2024 പ്രകാരം രജിസ്റ്റർ ചെയ്ത എഫ്.ഐ. ആർ. ലെ സംഭവ സമയം വൈകുന്നേരം 4.45 നും 4.46 നും ഇടയിലാണോ എന്ന് വ്യക്തമാക്കാമോ; | (ഡി) | ഉത്തരം (A) യിൽ ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| (ഇ) | ക്രൈം നമ്പർ 153/2024 ലെയും ക്രൈം നമ്പർ 155/2024 ലെയും എഫ്.ഐ.ആറിലെ സംഭവ സമയം ഒന്നു തന്നെയാണോ എന്ന് വ്യക്തമാക്കാമോ; രണ്ട് കേസ്സുകളിലെയും പ്രതികൾ ഒന്നു തന്നെയാണോ; | (ഇ) | ഉത്തരം (A) യിൽ ചേർത്തിരിക്കുന്നു. |
| (എഫ്) | രണ്ട് എഫ്.ഐ.ആർ. കളുടെയും പകർപ്പ് ലഭ്യമാക്കാമോ; | (എഫ്) | ഉത്തരം (A) യിൽ ചേർത്തിരിക്കുന്നു. |
| (ജി) | ഈ രണ്ടു കേസ്സുകൾ കൈകാര്യം ചെയ്യുന്നതിൽ പോലീസിന്റെ ഭാഗത്ത് അവധാനതയില്ലായ്മയും നിയമ വിരുദ്ധമായ ഇടപെടലുകളും ഉണ്ടായിട്ടുണ്ടെങ്കിൽ അന്വേഷിച്ച് നടപടി സ്വീകരിക്കുമോ? | (ജി) | ഉത്തരം (A) യിൽ ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം - 1

Before the Hon'ble: JUDICIAL FIRST CLASS MAGISTRATE COURT - I, KASARAGOD

CCTNS-R-IIF-1

# FIRST INFORMATION REPORT
## (പ്രഥമ വിവര റിപ്പോർട്ട്)

(Under Section 154 Cr.P.C)
(ക്രിമിനൽ നടപടി നിയമം 154- വകുപ്പ് പ്രകാരം)

1. District (ജില്ല) : KASARGODE PS (പോലീസ് സ്റ്റേഷൻ) : VIDYANAGAR

FIR No.(പ്രഥമ വിവര നമ്പർ) : 0153 Year (വർഷം) : 2024

Date and Time of FIR (പ്രഥമ വിവര റിപ്പോർട്ട് തീയതിയും സമയവും) : 27/04/2024 00:41

2.

| Sl No. (ക്രമ നമ്പർ) | Acts (നിയമം) | Sections (വകുപ്പുകൾ) |
|---|---|---|
| 1 | IPC 1860 | 143,147,341,323,149 |

3. (a) Occurrence of Offence (കുറ്റകൃത്യം സംഭവിച്ചത്)

1. Day (ദിവസം) : Friday Time Period (സമയം) : Pahar6

Date From (തീയതി മുതൽ) : 26/04/2024 Date To (തീയതി വരെ) : 26/04/2024

Time From (സമയം മുതൽ) : 16:45 hrs Time To (സമയം വരെ) : 16:46 hrs

(b) Information Received at P.S (പോലീസ് സ്റ്റേഷനിൽ വിവരം ലഭിച്ചത്)

Day (ദിവസം) : 26/04/2024 Time (സമയം) : 22:20 hrs

(c) General Diary References (ജനറൽ ഡയറി സൂചനാ വിവരം)

Entry No (നമ്പർ) 001 Time (സമയം) : 00:41 hrs

4. Type of Information (ലഭിച്ച വിവരത്തിന്റെ സ്വഭാവം) : Oral

Source of Complainant (പരാതിയുടെ ഉറവിടം) : Citizen/General Public

5. Place of Occurrence (കൃത്യസ്ഥലം)

1. i. Direction and distance from P.S (PS ൽ നിന്നുള്ള ദിശയും അകലവും) : EAST, 4 KM

Beat No (ബീറ്റ് നമ്പർ) :

ii. Location / Address (സ്ഥാനം / മേൽവിലാസം) : cherkkala Higher Secondary School , Chengala

iii. In case, outside the limit of this Police Station, then (പോലീസ് സ്റ്റേഷന്റെ അധികാരപരിധിക്ക് പുറത്താണെങ്കിൽ)

Name of P.S (പോലീസ് സ്റ്റേഷന്റെ പേര്) :

District (പോലീസ് ജില്ല) :

State (സംസ്ഥാനം) :

6. (1).Complainant / Informant (പരാതിക്കാരൻ / വിവരം നൽകിയ ആൾ)

(a). Name (പേര്) : SHYJU K K

(b). Father's / Mother's / Husband's Name (പിതാവിന്റെ / മാതാവിന്റെ / ഭർത്താവിന്റെ പേര്) : C V Raveendran

(c). Age & Date of Birth (വയസ്സ് & ജനനതീയതി) : 40, 1984

(d). Nationality (പൗരത്വം) : INDIA

(e). UID No.(ആധാർ നമ്പർ) :

(f ). Passport No.(പാസ്സ്പോർട്ട് നമ്പർ) :
Date of Issue (നൽകിയ തീയതി) :
Place of Issue (നൽകിയ സ്ഥലം) :

(g). ID details (Ration Card, Voter ID Card, Aadhar, Driving License, PAN) (തിരിച്ചറിയൽ രേഖകളടെ വിശദാംശങ്ങൾ റേഷൻകാർഡ്, വോട്ടർ ഐഡി കാർഡ്, ആധാർ, ഡ്രൈവിംഗ് ലൈസൻസ്, പാൻ)

| Sl No. (ക്രമ നമ്പർ) | Id Type (തിരിച്ചറിയൽ രേഖ) | Id Number (തിരിച്ചറിയൽ രേഖ നമ്പർ) |
|---|---|---|
| | | |

(h). Occupation (തൊഴിൽ)

(i). Address (മേൽവിലാസം) :

| Sl No. (ക്രമ നമ്പർ) | Address Type (മേൽവിലാസത്തിന്റെ തരം) | Address (മേൽവിലാസം) |
|---|---|---|
| 1 | Permanent Address (സ്ഥിരമായ മേൽവിലാസം) | **Koroth House , Periyattu , Cheruthazham , KANNUR RURAL, KERALA, INDIA** |
| 2 | Present Address (നിലവിലെ മേൽവിലാസം) | **Koroth House , Periyattu , Cheruthazham , KANNUR RURAL, KERALA, INDIA** |

(j ) Land Phone Number (ഫോൺ നമ്പർ) :
Mobile Number (മൊബൈൽ നമ്പർ) : 9446674876

(2).Victim / Missing / Deceased details (ഇര / കാണാതായ / മരണപ്പെട്ട ആളിന്റെ വിവരം)

| Sl No. (ക്രമ നമ്പർ) | Name (പേര്) | Age (വയസ്സ്) | Sex (ലിംഗം) | Relative's Name (ബന്ധുവിന്റെ പേര്) | Address (മേൽവിലാസം) |
|---|---|---|---|---|---|
| 1 | SHYJU K K | 40,1984 | MALE | FATHER:C V RAVEENDRAN | Permanent: KOROTH HOUSE , PERIYATTU , CHERUTHAZHAM , KANNUR RURAL, KERALA, INDIA Present: KOROTH HOUSE , PERIYATTU , CHERUTHAZHAM , KANNUR RURAL, KERALA, INDIA |

| | | | | | |
|---|---|---|---|---|---|
| 2 | SIJU | 40,1984 | MALE | | Permanent: PETTIKUNDU , PETTIKUNDU , KASARGODE, KERALA, INDIA Present: PETTIKUNDU , PETTIKUNDU , KASARGODE, KERALA, INDIA |

7. Details of known / Identifiable / Suspected / Unknown accused with full particulars (അറിയാവുന്ന / കണ്ടാലറിയാവുന്ന / സംശയിക്കാവുന്ന / അറിയാത്ത കുറ്റവാളികളെ സംബന്ധിച്ച വിശദ വിവരങ്ങൾ)

| Sl No. (ക്രമ നമ്പർ) | Name (പേര്) | Alias (അപരനാമം | Present Address (നിലവിലെ മേൽവിലാസം) | Permanent Address (സ്ഥിരമായ മേൽവിലാസം) |
|---|---|---|---|---|
| 1 | Shareef Market Baladukkam Age-35 | | Unknown , KASARGODE, KERALA, INDIA | Unknown , KASARGODE, KERALA, INDIA |
| 2 | Chatta Paichu Baladukkam Age-40 | | Unknown , KASARGODE, KERALA, INDIA | Unknown , KASARGODE, KERALA, INDIA |
| 3 | Ikbal Adur | | Unknown , KASARGODE, KERALA, INDIA | Unknown , KASARGODE, KERALA, INDIA |
| 4 | Noufal Mallam | | Unknown , KASARGODE, KERALA, INDIA | Unknown , KASARGODE, KERALA, INDIA |
| 5 | Hashim Bambrani | | Unknown, KASARGODE, KERALA, INDIA | Unknown, KASARGODE, KERALA, INDIA |
| 6 | Khader Badariya Panchayath President | | Unknown , KASARGODE, KERALA, INDIA | Unknown , KASARGODE, KERALA, INDIA |
| 7 | Salih | | Un known , KASARGODE, KERALA, INDIA | Un known , KASARGODE, KERALA, INDIA |
| 8 | Jaffer | | Unknown , KASARGODE, KERALA, INDIA | Unknown , KASARGODE, KERALA, INDIA |
| 9 | chadu | | Unknown , KASARGODE, KERALA, INDIA | Unknown , KASARGODE, KERALA, INDIA |
| 10 | Amu | | Unknown , KASARGODE, KERALA, INDIA | Unknown , KASARGODE, KERALA, INDIA |

8. Reason for delay in reporting by the Complainant / Informant (പരാതിക്കാരനോ / വിവരം നൽകുന്ന ആളോ പോലീസ് സ്റ്റേഷനിൽ അറിയിക്കുവാൻ കാലതാമസം വരുത്തിയതിനുള്ള കാരണം) :

9. Particulars of properties of interest (മോഷ്ടിക്കപ്പെട്ട / കുറ്റകൃത്യത്തിൽ ഉൾപ്പെട്ട സ്വത്തുക്കളുടെ വിവരം)

| Sl No. (ക്രമ നമ്പർ) | Property Type (സ്വത്ത് തരം) | SubType (സ്വത്ത് ഉപതരം) | Description (വിശദാംശങ്ങൾ) | Value(In Rs) (മൂല്യം രൂപയിൽ) |
|---|---|---|---|---|
| | | | | |

10. Total value of property stolen (In Rs) (മോഷ്ടിക്കപ്പെട്ട / കുറ്റകൃത്യത്തിൽ ഉൾപ്പെട്ട സ്വത്തുക്കളുടെ ആകെ മൂല്യം) :

11. Inquest Report / U.D. case No.,If any (പ്രേത വിചാരണ റിപ്പോർട്ട് / അസ്വാഭാവിക മരണം കേസ് നമ്പർ ഉണ്ടെങ്കിൽ)

| Sl No. (ക്രമ നമ്പർ) | Registration Type (രജിസ്ട്രേഷൻ തരം) | Registration Number (രജിസ്ട്രേഷൻ നമ്പർ) |
|---|---|---|
| | | |

12. First Information Contents (എഫ്.ഐ.ആർ ഉള്ളടക്കം)

26.04.24 തീയതി 16.45 മണിക്ക് ചെങ്കള ഗ്രാമത്തിൽ ചെർക്കള ഹയർ സെക്കൻററി സ്കൂളിൽ ലോക സഭാ തിരഞ്ഞെടുപ്പ് നടക്കുന്ന 113 നമ്പർ ബൂത്തിന് മുന്നിൽ വെച്ച് ഒന്ന് മുതൽ പത്ത് വരെ പ്രതികൾ ന്യായ വിരോധമായി സംഘം ചേർന്ന് മാധ്യമ പ്രവർത്തകനായ അന്യായക്കാരനെയും സഹ പ്രവർത്തകനെയും തടഞ്ഞു നിർത്തി കൈ കൊണ്ട് അടിച്ച് ദേഹോപദ്രവം ഏൽപ്പിച്ച് എന്നും മറ്റും

13. Action taken: Since the above information reveals commission of offence(s) u/s as mentioned at Item No. 2. (സ്വീകരിച്ച നടപടി : മേൽ വിവരിച്ച റിപ്പോർട്ട് പ്രകാരം രണ്ടാം ഇനത്തിൽ കാണിച്ചിരിക്കും പ്രകാരമുള്ള വകുപ്പുകൾ അനുസരിച്ചുള്ള കുറ്റകൃത്യം നടന്നതിനാൽ)

Directed to take up the Investigation / Performing Self Investigation (അന്വേഷണം നടത്തുവാൻ നിർദ്ദേശം നൽകി / സ്വയം അന്വേഷണം നടത്തുന്നു) : **Investigation/Assign IO**

Name of I.O (അന്വേഷണ ഉദ്യോഗസ്ഥന്റെ പേര്) : **SREEJESH V V**

Rank (പദവി) : **SI (Sub-Inspector)**

PEN (പെൻ) : **760192**

F.I.R.read over to the complainant / informant,admitted to be correctly recorded and a copy given to the complainant / informant free of cost (പ്രഥമ വിവര റിപ്പോർട്ട് പരാതിക്കാരനെ / വിവരം നൽകിയ ആളെ വായിച്ച് കേൾപ്പിച്ചു, ശരിയായ വിവരമാണ് രേഖപ്പെടുത്തിയതെന്ന് സമ്മതിച്ചു. റിപ്പോർട്ടിന്റെ ഒരു പകർപ്പ് പരാതിക്കാരന് / വിവരം നൽകിയ ആളിന് സൗജന്യമായി നൽകി) R.O.A.C (ആർ.ഒ.എ.സി)

14. Signature / Thumb impression of the complainant / informant (പരാതിക്കാരന്റെ / വിവരം നൽകിയ ആളിന്റെ ഒപ്പ് വിരലടയാളം) :

Signature of Officer in charge, Police Station (പോലീസ് സ്റ്റേഷന്റെ ചാർജ് വഹിക്കുന്ന ഉദ്യോഗസ്ഥന്റെ ഒപ്പ്) :

Name (പേര്) : Harilal
Rank (പദവി) : SCPO (Senior Civil Police Officer)
PEN (പെൻ) : 267473

15. Date and time of dispatch to the court :
(കോടതിയിലേക്ക് അയച്ച തീയതിയും സമയവും)

This is a computer generated document. Scan the QR Code to check the authenticity of the document. Please ensure that the certificate is shown under the url: https://thuna.keralapolice.gov.in/documentVerifier?82A940B08A74E483945302F93E24220A which is the authorized origin of the document.

Helpline Number of District Legal Services Authority (ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ ഹെല്പ് ലൈൻ നമ്പർ) : 04994-256189

ഇന്ന് 26.04.24 തീയ്യതി 22.20 മണിക്ക് ഷൈജു കെ കെ s/o സി വി രവീന്ദ്രൻ വയ 40/24 കാരോന്നൻ കോറോത്ത് ഹൌസ് , പെരിയാട്ട് ചെറുതാഴം ഗ്രാമം ഫോൺ നമ്പർ 9446674876 എന്നയാൾ വിദ്യാനഗർ പോലിസ് സ്റ്റേഷനിൽ ഹാജരായി തത്സമയം സ്റ്റേഷൻ GD ചാർജ് ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന എന്നോട് (SCPO 1997 ഹരിലാൽ എം.വിദ്യാനഗർ പോലിസ് സ്റ്റേഷൻ ) പറഞ്ഞ മൊഴി താഴെ പറയും പ്രകാരം ആണ്.

ഞാൻ ചെറുതാഴം ഗ്രാമത്തിൽ പെരിയാട്ട് എന്ന സ്ഥലത്ത് താമസം ആണ് . ഞാൻ കൈരളി ടി വി യിൽ കാസറഗോഡ് ബ്യൂറോയിൽ കേമറാ മേൻ ആയി ജോലി ചെയ്യു വരുന്നു. ഇന്ന് 26.04.24 തീയ്യതി വൈകുന്നേരം 4.45 മണിക്ക് ചെർക്കള ഹയർ സെക്കന്ററി സ്കൂളിൽ വെച്ച് മുസ്ലീം ലീഗ് പ്രവർത്തകർ മർദിച്ച കാര്യം പറയുവാൻ ആണ് ഇവിടെ വന്നത് . ഇന്ന് 26.04.24 തീയ്യതി ലോക സഭാ ഇലക്ഷ നോടനുബന്ധിച്ച് കൈരളി ടി വി യിൽ കാസറഗോഡ് ബ്യൂറോയിൽ റിപ്പോർട്ടർ ആയി ജോലി ചെയ്യു വരുന്ന സിജുവും ഞാനും വൈകുന്നേരം 4.30 മണിക്ക് ചെർക്കള ഹയർ സെക്കന്ററി സ്കൂളിൽ തിരഞ്ഞെടുപ്പ് റിപ്പോർട്ട് ചെയ്യുന്നതിനായി പോയിരുന്നു ആ സമയം വൈകുന്നേരം 4.45 മണിക്ക് 113 നമ്പർ ബൂത്തിന് മുന്നിൽ വെച്ച് പ്രശനം നടക്കുന്നതായി കണ്ട് ഞങ്ങൾ വിഷ്വൽ എടുക്കുന്ന സമയം കൈരളി ക്കാർ ദ്രിശ്യങ്ങൾ പകർത്തുന്നു അടിക്കട എന്ന് പറഞ്ഞ് ഞങ്ങളെ തടഞ്ഞു നിർത്തി കൈ കൊണ്ട് അടിക്കുകയും അവർ ക്യാമറ നശിപ്പിക്കുവാൻ ശ്രമിക്കുകയും ചെയ്യു ആ സമയത്തും എന്റെ കൂടെ ഉണ്ടായിരുന്ന റിപ്പോർട്ടറെയും മർദിച്ചു അടിയിൽ പരിക്ക് പറ്റിയ ഞങ്ങൾ ചെങ്കള ഇ കെ നയനാർ ആശുപത്രിയിൽ ചികിത്സ തേടിയിരുന്നു നമ്മളെ അടിച്ചവർ ലീഗ് പ്രവർത്തകർ ആയ ഷരീഫ് മാർക്കറ്റ് ബാലടുക്കം , ചട്ട പൈച്ച ബാലടുക്കം , ഇക്ബാൽ ആദൂർ , നൌഫൽ മല്ലം, ഹാഷിം ബംബ്രാണി, ഖാദർ ബദരിയ പഞ്ചായത്ത് പ്രസിഡൻറ് ,സാലിഹ്, ജാഫർ ,ചാട്ട ,ആമു എന്നിവർ ആണെന്ന് പിന്നീട് അറിഞ്ഞിരുന്നു ഈ കാര്യത്തിൽ എനിക്ക് പരാതിയുണ്ട് സംഭവത്തിൽ എന്റെ ഷർട്ട് കീറിയിരുന്നു.

മൊഴി വായിച്ചു കേൾപ്പിച്ചു ശരിയെന്ന് സമ്മതിച്ചു

മൊഴി ശരിയായി രേഖപ്പെടുത്തി

ഹരിലാൽ എം
SCPO 1997
വിദ്യാനഗർ പി എസ്

അന്യായക്കാരന്റെ മുറി പരിക്കുകൾ പരിശോധിച്ചതിൽ മുറി പരിക്കുകൾ ഒന്നും തന്നെ ഇല്ല.വലതു കൈ മസ്സിലിനും പുറത്തും വേദനയുള്ള തായി പറയുന്നു.

അനുബന്ധം - 2

Before the Hon'ble: JUDICIAL FIRST CLASS MAGISTRATE COURT - I, KASARAGOD

CCTNS-R-IIF-1

# FIRST INFORMATION REPORT
## (പ്രഥമ വിവര റിപ്പോർട്ട്)

(Under Section 154 Cr.P.C)
(ക്രിമിനൽ നടപടി നിയമം 154- വകുപ്പ് പ്രകാരം)

1. District (ജില്ല) : KASARGODE PS (പോലീസ് സ്റ്റേഷൻ) : VIDYANAGAR

FIR No.(പ്രഥമ വിവര നമ്പർ) : 0155 Year (വർഷം) : 2024

Date and Time of FIR (പ്രഥമ വിവര റിപ്പോർട്ട് തീയതിയും സമയവും) : 27/04/2024 19:27

2.

| Sl No. (ക്രമ നമ്പർ) | Acts (നിയമം) | Sections (വകുപ്പുകൾ) |
|---|---|---|
| 1 | IPC 1860 | 143,145,147,353,149 |

3. (a) Occurrence of Offence (കുറ്റകൃത്യം സംഭവിച്ചത്)

1. Day (ദിവസം) : Friday Time Period (സമയം) : Pahar6
   Date From (തീയതി മുതൽ) : 26/04/2024 Date To (തീയതി വരെ) : 26/04/2024
   Time From (സമയം മുതൽ) : 16:45 hrs Time To (സമയം വരെ) : 16:45 hrs

(b) Information Received at P.S (പോലീസ് സ്റ്റേഷനിൽ വിവരം ലഭിച്ചത്)
Day (ദിവസം) : 27/04/2024 Time (സമയം) : 19:00 hrs

(c) General Diary References (ജനറൽ ഡയറി സൂചനാ വിവരം)
Entry No (നമ്പർ) : 023 Time (സമയം) : 19:27 hrs

4. Type of Information (ലഭിച്ച വിവരത്തിന്റെ സ്വഭാവം) : Suo Mottu
Source of Complainant (പരാതിയുടെ ഉറവിടം) : Suo Mottu

5. Place of Occurrence (കൃത്യസ്ഥലം)

1. i. Direction and distance from P.S (PS ൽ നിന്നുള്ള ദിശയും അകലവും) : NORTH-EAST, 5 KM
   Beat No (ബീറ്റ് നമ്പർ) :
   ii. Location / Address (സ്ഥാനം / മേൽവിലാസം) : Booth No.113, GHSS Cherkala Central School, Cherkala, Chengala Village
   iii. In case, outside the limit of this Police Station, then (പോലീസ് സ്റ്റേഷന്റെ അധികാരപരിധിക്ക് പുറത്താണെങ്കിൽ)
   Name of P.S (പോലീസ് സ്റ്റേഷന്റെ പേര്) :
   District (പോലീസ് ജില്ല) :
   State (സംസ്ഥാനം) :

6. (1).Complainant / Informant (പരാതിക്കാരൻ / വിവരം നൽകിയ ആൾ)
(a). Name (പേര്) : VINOY.K.J
(b). Father's / Mother's / Husband's Name (പിതാവിന്റെ / മാതാവിന്റെ / ഭർത്താവിന്റെ പേര്) :

(c). Age & Date of Birth (വയസ്സ് & ജനനതീയതി) : **49, 10/03/1975**

(d). Nationality (പൗരത്വം) : **INDIA**

(e). UID No.(ആധാർ നമ്പർ) :

(f ). Passport No.(പാസ്സ്പോർട്ട് നമ്പർ) :

Date of Issue (നൽകിയ തീയതി) :

Place of Issue (നൽകിയ സ്ഥലം) :

(g). ID details (Ration Card, Voter ID Card, Aadhar, Driving License, PAN) (തിരിച്ചറിയൽ രേഖകളുടെ വിശദാംശങ്ങൾ റേഷൻകാർഡ്, വോട്ടർ ഐഡി കാർഡ്, ആധാർ, ഡ്രൈവിംഗ് ലൈസൻസ്, പാൻ)

| Sl No. (ക്രമ നമ്പർ) | Id Type (തിരിച്ചറിയൽ രേഖ) | Id Number (തിരിച്ചറിയൽ രേഖ നമ്പർ) |
|---|---|---|
| | | |

(h). Occupation (തൊഴിൽ) :

(i ). Address (മേൽവിലാസം)

| Sl No. (ക്രമ നമ്പർ) | Address Type (മേൽവിലാസത്തിന്റെ തരം) | Address (മേൽവിലാസം) |
|---|---|---|
| 1 | Permanent Address (സ്ഥിരമായ മേൽവിലാസം) | **VIDYANAGAR, VIDYANAGAR, KASARGODE, KERALA, INDIA** |
| 2 | Present Address (നിലവിലെ മേൽവിലാസം) | **VIDYANAGAR, VIDYANAGAR, KASARGODE, KERALA, INDIA** |

(j ). Land Phone Number (ഫോൺ നമ്പർ) :

Mobile Number (മൊബൈൽ നമ്പർ) : **9846193200**

**(2).Victim / Missing / Deceased details (ഇര / കാണാതായ / മരണപ്പെട്ട ആളിന്റെ വിവരം)**

| Sl No. (ക്രമ നമ്പർ) | Name (പേര്) | Age (വയസ്സ്) | Sex (ലിംഗം) | Relative's Name (ബന്ധുവിന്റെ പേര്) | Address (മേൽവിലാസം) |
|---|---|---|---|---|---|
| | | | | | |

**7. Details of known / Identifiable / Suspected / Unknown accused with full particulars (അറിയാവുന്ന / കണ്ടാലറിയാവുന്ന / സംശയിക്കാവുന്ന / അറിയാത്ത കുറ്റവാളികളെ സംബന്ധിച്ച വിശദ വിവരങ്ങൾ)**

| Sl No. (ക്രമ നമ്പർ) | Name (പേര്) | Alias (അപരനാമം) | Present Address (നിലവിലെ മേൽവിലാസം) | Permanent Address (സ്ഥിരമായ മേൽവിലാസം) |
|---|---|---|---|---|
| 1 | **Shahad Rahman Age-25** | | **Not Known, KASARGODE, KERALA, INDIA** | **Not Known, KASARGODE, KERALA, INDIA** |
| 2 | **Shareef Age-30** | | **Not Known, KASARGODE, KERALA, INDIA** | **Not Known, KASARGODE, KERALA, INDIA** |

| | | | | |
|---|---|---|---|---|
| 3 | Salih<br>Age-35 | | not known, KASARGODE, KERALA, INDIA | not known, KASARGODE, KERALA, INDIA |
| 4 | Faisal<br>Age-30 | | Not Known, KASARGODE, KERALA, INDIA | Not Known, KASARGODE, KERALA, INDIA |
| 5 | Jafar<br>Age-30 | | Not known, KASARGODE, KERALA, INDIA | Not known, KASARGODE, KERALA, INDIA |
| 6 | Noushad<br>Age-30 | | Not Known, KASARGODE, KERALA, INDIA | Not Known, KASARGODE, KERALA, INDIA |

8. Reason for delay in reporting by the Complainant / Informant (പരാതിക്കാരനോ / വിവരം നൽകുന്ന ആളോ പോലീസ് സ്റ്റേഷനിൽ അറിയിക്കുവാൻ കാലതാമസം വരുത്തിയതിനുള്ള കാരണം) :

9. Particulars of properties of interest (മോഷ്ടിക്കപ്പെട്ട / കുറ്റകൃത്യത്തിൽ ഉൾപ്പെട്ട സ്വത്തുക്കളുടെ വിവരം)

| Sl No. (ക്രമ നമ്പർ) | Property Type (സ്വത്ത് തരം) | SubType (സ്വത്ത് ഉപതരം) | Description (വിശദാംശങ്ങൾ) | Value(In Rs) (മൂല്യം രൂപയിൽ) |
|---|---|---|---|---|
| | | | | |

10. Total value of property stolen (In Rs) (മോഷ്ടിക്കപ്പെട്ട / കുറ്റകൃത്യത്തിൽ ഉൾപ്പെട്ട സ്വത്തുക്കളുടെ ആകെ മൂല്യം) :

11. Inquest Report / U.D. case No.,if any (പ്രേത വിചാരണ റിപ്പോർട്ട് / അസ്വാഭാവിക മരണം കേസ് നമ്പർ ഉണ്ടെങ്കിൽ)

| Sl No. (ക്രമ നമ്പർ) | Registration Type (രജിസ്ട്രേഷൻ തരം) | Registration Number (രജിസ്ട്രേഷൻ നമ്പർ) |
|---|---|---|
| | | |

12. First Information Contents (എഫ്.ഐ.ആർ ഉള്ളടക്കം)

26.04.2024 തിയ്യതി 16 50 മണിക്ക് ചെങ്കള ഗ്രാമത്തിൽ GHSS ചെർക്കള സെൻട്രൽ സ്കൂളിലെ 113 നമ്പർ ബൂത്തിന് സമീപം ഒന്ന് മുതൽ ആറ് വരെ പ്രതികൾ പോലീസിന്റെ നിയമപരമായ ആജ്ഞ ലംഘിച്ച് വാഗ്വാദത്തിൽ ഏർപ്പെട്ടുകയും ബഹളം വെക്കുകയും ബലപ്രയോഗത്തിന് മുതിരുകയും ചെയ്ത് പോലീസിന്റെ ഔദ്യോഗിക കൃത്യ നിർവ്വഹണം തടസ്സപ്പെടുത്തി എന്നും മറ്റും.

13. Action taken: Since the above information reveals commission of offence(s) u/s as mentioned at Item No. 2. (സ്വീകരിച്ച നടപടി : മേൽ വിവരിച്ച റിപ്പോർട്ട് പ്രകാരം രണ്ടാം ഇനത്തിൽ കാണിച്ചിരിക്കും പ്രകാരമുള്ള വകുപ്പുകൾ അനുസരിച്ചുള്ള കുറ്റകൃത്യം നടന്നതിനാൽ)

Directed to take up the Investigation / Performing Self Investigation (അന്വേഷണം നടത്തുവാൻ നിർദ്ദേശം നൽകി / സ്വയം അന്വേഷണം നടത്തുന്നു) : Investigation/Assign IO

Name of I.O (അന്വേഷണ ഉദ്യോഗസ്ഥന്റെ പേര്) : Deepthi V V

Rank (പദവി) : **SI (Sub-Inspector)**
PEN (പെൻ) : **290822**

F.I.R.read over to the complainant / informant,admitted to be correctly recorded and a copy given to the complainant / informant free of cost (പ്രഥമ വിവര റിപ്പോർട്ട് പരാതിക്കാരനെ / വിവരം നൽകിയ ആളെ വായിച്ച കേൾപ്പിച്ചു. ശരിയായ വിവരമാണ് രേഖപ്പെടുത്തിയതെന്ന് സമ്മതിച്ചു. റിപ്പോർട്ടിന്റെ ഒരു പകർപ്പ് പരാതിക്കാരന് / വിവരം നൽകിയ ആളിന് സൗജന്യമായി നൽകി) R.O.A.C (ആർ.ഒ.എ.സി)

14. Signature / Thumb impression of the complainant / informant (പരാതിക്കാരന്റെ / വിവരം നൽകിയ ആളിന്റെ ഒപ്പ് വിരലടയാളം) :

Signature of Officer in charge, Police Station (പോലീസ് സ്റ്റേഷന്റെ ചാർജ് വഹിക്കുന്ന ഉദ്യോഗസ്ഥന്റെ ഒപ്പ്) :

Name (പേര്) : **VINOY.K.J**
Rank (പദവി) : **I (Inspector)**
PEN (പെൻ) : **306584**

15. Date and time of dispatch to the court (കോടതിയിലേക്ക് അയച്ച തീയതിയും സമയവും) :

This is a computer generated document. Scan the QR Code to check the authenticity of the document. Please ensure that the certificate is shown under the url: https://thuna.keralapolice.gov.in/documentVerifier?E1BFABD309835A154ABAC7F9A0FFC7E7 which is the authorized origin of the document.

Helpline Number of District Legal Services Authority (ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ ഹെല്പ് ലൈൻ നമ്പർ) : **04994-256189**

# പ്രഥമ വിവരം

ഇന്നലെ 26.04.2024 തിയ്യതി രാവിലെ 05.30 മണി മുതൽ ഞാനും (Vinoy K.J. Inspector of Police. Vidyanagar PS). ASI പ്രസാദ്, SCPO 2024 മനു, DVR CPO 3197 krishnanunni എന്നിവരുമൊന്നിച്ച് സ്റ്റേഷൻപരിധിയിൽ ലോകസഭാ ഇലക്ഷനോടനുബന്ധിച്ച് L/o പട്രോളിങ് നടത്തി 16.45 മണിക്ക് ചെർക്കള ടൌണിലെത്തിയ സമയം പോളിങ് നടക്കുന്ന ചെർക്കള ഹയർ സെക്കൻററി സെൻട്രൽ സ്കൂളിലെ 113 നമ്പർ ബൂത്തിൽ വലിയ ബഹളം നടക്കുന്നതായി അറിഞ്ഞു 16.50 മണിക്ക് ടി സ്ഥലത്ത് എത്തിയതിൽ ബൂത്തിനുള്ളിൽ നിന്നും ബൂത്ത് ഏജൻറുമാർ തമ്മിൽ വാഗ്വാദം നടക്കുന്നതായും ബൂത്തിന് പുറത്ത് വോട്ട് ചെയ്യുന്നതിനായി ക്യൂവിൽ നിന്നവരും ബൂത്തിന് കുറച്ചു സമീപത്തായി സ്കൂൾ ഗ്രൌണ്ടിൽ കൂടി നിന്നവരും ബഹളം വെക്കുന്നതായി കാണപ്പെട്ടു. കൂടി നിന്നവരിൽ കുറച്ച് പേർ ഇക്കാര്യങ്ങൾ വീഡിയോ ഗ്രാഫി ചെയ്തു കൊണ്ടിരിക്കുന്ന കൈരളി TV ക്യാമറ മാനും റിപ്പോർട്ടറുമായും തർക്കത്തിൽ ഏർപ്പെടുകയും ബഹളം വെക്കുന്നതും കാണപ്പെട്ടത് ഞാൻ പോലീസ് പാർട്ടിയുടെ സഹായത്തോടെ ടിയാളുകളെ ആയതിൽ നിന്നും ബലം പ്രയോഗിച്ച് നീക്കം ചെയ്തു. വോട്ട് ചെയ്യാനുള്ളവർ എല്ലാവരും സമാധാന പരമായി ക്യൂ നിൽക്കണമെന്നുള്ള എന്റെ നിയമ പരമായ ആജ്ഞയെ ലംഘിച്ച് കൊണ്ട് ബഹളം വെക്കുന്നവരിൽ കണ്ടാൽ അറിയാവുന്ന ആറ് പേർ ഞങ്ങളുമായി കടുത്ത വാഗ്വാദത്തിൽ ഏർപ്പെടുകയും. ബലപ്രയോഗത്തിന് മുതിരുകയും കൈരളി TV പ്രവർത്തകരെ സ്ഥലത്ത് നിന്നും നീക്കം ചെയ്യണമെന്ന് ആവശ്യപ്പെട്ട് ബഹളം വെക്കുകയും ചെയ്തു. ടി ആളുകൾ ഇത്തരത്തിൽ പെരുമാറുകയും എന്റെ നിയമപരമായ ആജ്ഞ ലംഘിക്കുകയും ഞങ്ങളുമായി ബലപ്രയോഗത്തിന് മുതിരുകയും ചെയ്യുക വഴി എന്റെയും പോലീസ് പാർട്ടിയുടെയും ഔദ്യോഗിക കൃത്യ നിർവ്വഹണം തടസ്സപ്പെടുത്തുകയും ചെയ്തു. തുടർന്നു കൂടുതൽ പോലീസ് പാർട്ടി സ്ഥലത്ത് എത്തി ബൂത്തിന് പുറത്തും സ്കൂൾ ഗ്രൌണ്ടിലുമായി കൂടി നിന്ന് ബഹളം വെച്ചവരെ ബലം പ്രയോഗിച്ച് നീക്കം ചെയ്തു. ഈ സമയം ഞങ്ങളുടെ ഔദ്യോഗിക കൃത്യനിർവ്വഹണം തടസ്സപ്പെടുത്തിയ ആറ് പേർ സ്ഥലത്ത് നിന്ന് ഓടിപ്പോവുകയും ചെയ്തു. പിന്നീട് ബഹളത്തിന് കാരണത്തെ പറ്റി അന്വേഷിച്ചതിൽ ബൂത്തിനുള്ളിൽ ബൂത്ത് ഏജന്റുമാർ തമ്മിലുള്ള വാക്കേറ്റമാണ് കാരണമെന്ന് മനസ്സിലായി. ഞങ്ങളുടെ ഔദ്യോഗിക കൃത്യനിർവ്വഹണം തടസ്സപ്പെടുത്തിയ ആറ് പേരെ പറ്റി അന്വേഷിച്ചതിൽ ഷഹദ് റഹ്മാൻ. ഷരീഫ്, സാലിഹ്, ഫൈസൽ, ജാഫർ, നൌഷാദ് എന്നിവരാണെന്ന് അറിവായി. ശേഷം സ്റ്റേഷൻ പരിധിയിൽ തിരഞ്ഞെടുപ്പിന് ശേഷമുള്ള ക്രമസമാധാന പാലനം പട്രോളിങ് നടത്തി ഉറപ്പാക്കിയ ശേഷവും ഡിസ്ട്രിബ്യൂഷൻ സെന്ററിൽ പോളിങ് സാമഗ്രികൾ തിരിച്ചെത്തി എന്ന് ഉറപ്പ് വരുത്തിയ ശേഷം 27.04.2024 തിയ്യതി 19 00 മണിക്ക് സ്റ്റേഷനിൽ തിരിച്ചെത്തി എന്റെയും പോലീസ് പാർട്ടിയുടെയും ഔദ്യോഗിക കൃത്യ നിർവ്വഹണം തടസ്സപ്പെടുത്തിയ കാര്യത്തിന് മേൽപ്പറഞ്ഞ ആറ് പ്രതികൾക്കെതിരെ വിദ്യാനഗർ പോലീസ് സ്റ്റേഷൻ Cr.No. 155/24. U/s 143.145.147.353 r/w 149 IPC ആയി കേസ്സ് രജിസ്റ്റർ ചെയ്യുന്നു.

Submitted

| | |
|---|---|
| Name (പേര്) | : VINOY.K.J |
| Rank (പദവി) | : I (Inspector) |
| PEN (പെൻ) | : 306584 |
| PS (പോലീസ് സ്റ്റേഷൻ) | : VIDYANAGAR |
| District (ജില്ല) | : KASARGODE |
| Date (തീയതി) | : 27/04/2024 |